പ്രശ്നമുണ്ട്. കുറെ ചർച്ചകൾ ചെയ്തുകൊണ്ട് വേണ്ടത്ര മുൻകരുതലോടുകൂടിയല്ലാതെ ഫോറിൻ യൂണിവേഴ്സിറ്റികൾ ഇൻഡ്യയിൽ വരാൻ പാടില്ലെന്നാണ് ഞാൻ അന്ന് പറഞ്ഞത്. ഞാൻ അങ്ങയുടെ പോയിന്റിനോട് യോജിക്കുകയാണ്. ഗവൺമെന്റിന് ഈ കാര്യത്തിൽ ഭ്രമമൊന്നുമില്ല. വിദേശയൂണിവേഴ്സിറ്റികൾ ഒരു നിയന്ത്രണവുമില്ലാതെ വന്നുകൊള്ളട്ടെയെന്നുള്ള ചിന്തയൊന്നും ഗവൺമെന്റിനില്ല. മാറിയ കാലത്ത് ലോകത്തുവന്നുകൊണ്ടിരിക്കുന്ന മാറ്റത്തിനനുസരിച്ച് പുതിയ തലമുറയ്ക്ക് അതിന്റെ പ്രയോജനങ്ങൾ എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള ചർച്ച വേണമെന്നു മാത്രമേ ഈ ഘട്ടത്തിൽ ചിന്തിച്ചിട്ടുള്ളു. അതിലപ്പുറം ചിന്തിച്ചിട്ടില്ല.

(2) കശുവണ്ടിത്തൊഴിലാളികളുടെ വേതന പരിഷ്ക്കരണം

ശ്രീ. എഴുകോൺ നാരായണൻ : കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്ന ജീവനക്കാരുടേയും തൊഴിലാളികളുടേയും ശമ്പളം പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത ഈ സർക്കാരിന്റേയും ഈസഭയുടേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇൻഡ്യക്ക് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന കേരളത്തിലെ പരമ്പരാഗത കുത്തക വ്യവസായമായ കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ഭൂരിപക്ഷവും സ്ത്രീത്തൊഴിലാളികളും പാവപ്പെട്ടവരുമാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ വേതനത്തിൽ പണിയെടുക്കുന്നത് കശുവണ്ടിത്തൊഴിലാളികളും ജീവനക്കാരുമാണ്. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി അടിയന്തിരമായി പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന ജീവനക്കാരുടെ ശമ്പള കരാറിന്റെ കാലാവധി കഴിഞ്ഞിട്ട് ഏറെക്കാലമായി. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ ഒരു കമ്മിറ്റിയെ വയ്ക്കാനുള്ള നീക്കം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് വളരെയേറെ കാലതാമസമുണ്ടാകുമെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് ഒരു കമ്മിറ്റിയെ വയ്ക്കാനുള്ള തീരുമാനമുണ്ടാക്കിയാൽ തൊഴിലാളികളെ സംബന്ധിച്ച് അടുത്ത രണ്ട് മൂന്ന് വർഷംകൂടി നിലവിലുള്ള കുറഞ്ഞ കൂലിക്ക് തൊഴിലാളികൾ ജോലി ചെയ്യേണ്ടിവരും. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവും, ജീവിതസൂചികയിലുണ്ടായ മാറ്റവും നമുക്കറിയാവുന്ന കാര്യങ്ങളാണ്. കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്ന പാവപ്പെട്ട പട്ടിണിത്തൊഴിലാളികളുടെ പ്രാരാബ്ധങ്ങളും ബുദ്ധിമുട്ടുകളുമെല്ലാം അറിയാവുന്ന വസ്തുതയാണ്. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി നോട്ടിഫിക്കേഷനിലൂടെ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഒരു കമ്മിറ്റിയെ വച്ചുകൊണ്ടുമാത്രമേ കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി നിശ്ചയിക്കുകയുള്ളുയെങ്കിൽ ആറ് മാസത്തിനുള്ളിൽ സമയബന്ധിതമായി റിപ്പോർട്ട് നൽകണമെന്ന നിബന്ധനയോടെ കമ്മിറ്റിയെ വയ്ക്കാൻ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കാലതാമസമൊഴിവാക്കി കശുവണ്ടി

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് മിനിമംകൂലി സർക്കാർ നോട്ടിഫിക്കേഷനിലൂടെ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം വ്യവസായ മേഖലയിലെ സ്റ്റാഫിന്റെ പുതുക്കിയ ശമ്പളക്കരാർ നടപ്പാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നടപ്പിൽ വരുത്തിയത് 1-1-1999-ലാണ്. അതിന്റെ കാലാവധി 31-12-2003-ൽ അവസാനിച്ചിട്ടുണ്ട്. സാധാരണ ഗതിയിൽ കശുവണ്ടി മേഖലയിൽ മിനിമം കൂലി കൃത്യമായ അഞ്ചു വർഷത്തിലൊരിക്കൽ പുതുക്കി നിശ്ചയിക്കുന്ന കീഴ്വഴക്കമുണ്ടായിട്ടില്ല. എങ്കിലും അഞ്ചുവർഷം പൂർത്തീകരിക്കുമ്പോൾ നടപടികളാരംഭിക്കാറുണ്ട്. ഒന്നോ രണ്ടോ വർഷംകൊണ്ട് പുതുക്കി നിശ്ചയിക്കുന്ന കൂലി നടപ്പിലാക്കുകയും ചെയ്യുന്നതാണ് സാധാരണ പതിവ്. അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ശ്രീ. എഴുകോൺ നാരായണൻ ചൂണ്ടിക്കാണിച്ചത് കമ്മിറ്റിയെ വയ്ക്കുന്നതിന് കാലതാമസമുണ്ടാകുമെന്നാണ്. അതുപോലെ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവുമൂലമുണ്ടാകുന്ന വർദ്ധനവ് ഡി.എ-യിൽ പ്രതിഫലിക്കുന്നുണ്ട്. വർദ്ധിപ്പിച്ച ഡി.എ. അനുസരിച്ച് തന്നെയാണ് കൊടുക്കുന്നത്. ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം 14-2-2005-ൽ ഐ. ആർ. സി. യോഗം വിളിച്ച് ഈ കാര്യങ്ങളെല്ലാം ചർച്ച ചെയ്തിരുന്നു. രണ്ട് തരത്തിൽ നോട്ടിഫിക്കേഷൻ അനുസരിച്ച് ചെയ്യാം അല്ലെങ്കിൽ കമ്മിറ്റിയുടെ തീരുമാനപ്രകാരമാകാമെന്ന് സജസ്റ്റ് ചെയ്തു. പൊതുവായി വന്ന ഒരു നിർദ്ദേശം അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ സമയബന്ധിതമായി ഒരു കമ്മിറ്റിയെ വച്ച് കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടിയെടുക്കുന്നതാണ്. അതുപോലെതന്നെ സ്റ്റാഫിന്റെ കാര്യംകൂടി ഇതോടൊപ്പം വന്നിട്ടുണ്ട്. സ്റ്റാഫിന്റെ കാര്യത്തിൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്നതിനുമുൻപുതന്നെ ഐ. ആർ. സി.-യിൽ ഇതുസംബന്ധിച്ച് ഒരു ധാരണയുണ്ടാക്കി. മാർച്ച് മാസം മൂന്നാമത്തെ ആഴ്ചയിൽ ഐ. ആർ. സി.-യിൽ പുതുക്കിയ കൂലി സംബന്ധിച്ച നിർദ്ദേശങ്ങളാണ് പ്രധാനമായും വരുന്നത്. കോർപ്പറേഷന്റേയും കാപ്പക്സിന്റേയും തൊഴിലാളികളുടെ കാര്യമാണ്. അടുത്ത ഐ. ആർ. സി. യോഗത്തിൽ വയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയും പെട്ടെന്ന് നടപടികൾ പൂർത്തിയാക്കി അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എഴുകോൺ നാരായണൻ : സർ, ഒരു കമ്മിറ്റിയെ വയ്ക്കുകയാണെങ്കിൽ ആറ് മാസത്തിനുള്ളിൽ കൂലി പുതുക്കി നിശ്ചയിക്കാനുള്ള തീരുമാനം ആ റിപ്പോർട്ടിലുണ്ടാകാൻ നടപടി സ്വീകരിക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : തീർച്ചയായിട്ടും സമയബന്ധിതമായിത്തന്നെ ഏറ്റവും ചുരുങ്ങിയ കാലയളവിനുള്ളിൽ റിപ്പോർട്ട് വാങ്ങി അത് നടപ്പിലാക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly